समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कोच्ची-682036, भारत

The Marine Products Export Development Authority
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन / Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स / Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

പത്രക്കുറിപ്പ് 02.06.2021

## കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതി 11,49,341 ടൺ

കൊച്ചി: കൊവിഡ് പ്രതിസന്ധിയും രാജ്യാന്തര വിപണിയിലെ മന്ദീഭാവവും നിലനിൽക്കെ രാജ്യത്തു നിന്നും 11,49,341 ടൺ സമുദ്രോത്പന്നങ്ങൾ കയറ്റുമതി ചെയ്തു. മുൻ വർഷത്തെ അപേക്ഷിച്ച് കയറ്റുമതിയിൽ 2020-21 സാമ്പത്തിക വർഷത്തിൽ 10.88 ശതമാനം കുറവാണ് ഉണ്ടായത്. 5.96 ബില്യൺ അമേരിക്കൻ ഡോളർ മൂല്യം വരുന്ന 43,717.26 കോടി രൂപയുടെ കയറ്റുമതിയാണ് ഇക്കാലയളവിൽ നടന്നത്.

അമേരിക്ക, ചൈന, യൂറോപ്യൻ യൂണിയൻ എന്നിവിടങ്ങളിലേക്കാണ് ഇന്ത്യൻ സമുദ്രോത്പന്നങ്ങൾ ഏറ്റവും കൂടുതൽ കയറ്റി അയച്ചത്. ശീതീകരിച്ച ചെമ്മീനായിരുന്നു ഏറ്റവും ഡിമാന്റുള്ള സമുദ്രോത്പന്നം. ശീതീകരിച്ച മീനിനും ഏറെ ആവശ്യക്കാരുണ്ടായിരുന്നു.

2019-20 ൽ 12,89,651 ടൺ സമുദ്രോത്പന്നമാണ് ഇന്ത്യ കയറ്റുമതി ചെയ്തത്. 6.68 ബില്യൺ ഡോളർ മൂല്യവും 46,662.85 കോടി രൂപമൂല്യവും വരുമിത്. രൂപയുടെ നിരക്കിൽ 6.31 ശതമാനവും ഡോളർ നിരക്കിൽ 10.81 ശതമാനവുമാണ് 2020-21 സാമ്പത്തിക വർഷത്തിൽ കുറവ് രേഖപ്പെടുത്തിയത്.

കൊവിഡ് മഹാമാരി പോയ സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചുവെന്ന് സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി(എംപിഇഡിഎ) ചെയർമാൻ ശ്രീ കെ എസ് ശ്രീനിവാസ് പറഞ്ഞു. എന്നാൽ രണ്ടാം പകുതിയുടെ അവസാന ഘട്ടത്തിൽ കയറ്റുമതി രംഗം ഉണർന്നു. ആകെ കയറ്റുമതിയിൽ ഡോളർ വരുമാനത്തിന്റെ 67.99 ശതമാനവും ജലകൃഷി മേഖലയിൽ നിന്നാണ്. കയറ്റുമതി അളവിന്റെ 46.45 ശതമാനവും ഇത് വരും. 2019-20 ലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ ഡോളർ മൂല്യത്തിൽ 4.41 ശതമാനത്തിന്റെയും രൂപ മൂല്യത്തിൽ 2.48 ശതമാനത്തിന്റെയും വർധനയാണ് ഈയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ചെയർമാൻ ചൂണ്ടിക്കാട്ടി.

ആകെ കയറ്റുമതി ചെയ്ത അളവിന്റെ 51.36 ശതമാനവും ശീതീകരിച്ച ചെമ്മീനാണ്. ആകെ ഡോളർ വരുമാനത്തിൽ 74.31 ശതമാനവും ഈ വിഭാഗത്തിൽ നിന്നാണ്. അമേരിക്കയാണ് ഏറ്റവുമധികം സമുദ്രോത്പന്നങ്ങൾ(2,72,041 ടൺ) ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്തത്. ചൈന(1,01,846 ടൺ) യൂറോപ്യൻ യൂണിയൻ(70,133 ടൺ), ജപ്പാൻ (40,502 ടൺ) ദക്ഷിണ പൂർവേഷ്യ(38,389 ടൺ) ഗൾഫ് രാജ്യങ്ങൾ(29,108 ടൺ) എന്നിങ്ങനെയാണ് കണക്ക്.

എന്നാൽ ശീതീകരിച്ച ചെമ്മീനിൽ നിന്നുള്ള കയറ്റുമതി അളവിൽ 9.50 ശതമാനത്തിന്റെയും ഡോളർ കണക്കിൽ 9.47 ശതമാനത്തിന്റെയും കുറവാണ് 20-21 ൽ ഉണ്ടായിരിക്കുന്നത്. ആകെ കയറ്റുമതിയിൽ 4,426.19 മില്യൺ ഡോളർ വരുമാനവും 5,90,275 ടൺ അളവും ചെമ്മീനിനാണ്. 2019-20 മായി തട്ടിച്ച നോക്കുമ്പോൾ വനാമി ചെമ്മീൻ കയറ്റുമതി 5,12,204 ടണ്ണിൽ നിന്നും 2020-21 ൽ 4,92,271 ടണ്ണായി കുറഞ്ഞു. ആകെ വനാമി ചെമ്മീനിന്റെ കയറ്റുമതിയിൽ 56.37 ശതമാനവും അമേരിക്കയിലേക്കാണ്. ചൈന(15.13 ശതമാനം), യൂറോപ്പ്(7.83 ശതമാനം), ദക്ഷിണ പൂർവേഷ്യ(5.76 ശതമാനം) ജപ്പാൻ(4.96 ശതമാനം), ഗൾഫ്(3.59 ശതമാനം) എന്നിങ്ങനെയാണ് വനാമി ചെമ്മീൻ കയറ്റുമതി.

കാരച്ചെമ്മീൻ കയറ്റുമതി ഏറ്റവുമധികം ജപ്പാനിലേക്കാണ് നടന്നത്. ആകെ കാരച്ചെമ്മീൻ കയറ്റുമതിയുടെ ഡോളർ മൂല്യത്തിൽ 39.68 ശതമാനവും ജപ്പാനിലേക്കാണ്. അമേരിക്ക(26.03 ശതമാനം), ദക്ഷിണ പൂർവേഷ്യ(9.32 ശതമാനം) യൂറോപ്പ്(8.95 ശതമാനം)

समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कौच्ची-682036, भारत

**The Marine Products Export Development Authority**

(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

ഗൾഫ്(6.04 ശതമാനം), ചൈന(3.76 ശതമാനം) എന്നിങ്ങനെയാണ് ഈ വിഭാഗത്തിലെ ഡോളർ വരുമാന വിഹിതം.

ആകെ കയറ്റുമതിയുടെ അളവിൽ 16.37 ശതമാനം ശീതീകരിച്ച മത്സ്യമാണ്. ആകെ ഡോളർ വരുമാനത്തിലെ 6.75 ശതമാനവും ഈ വിഭാഗത്തിൽ നിന്നു തന്നെ. എന്നാൽ 2019-20 മായി തട്ടിച്ചു നോക്കുമ്പോൾ കയറ്റുമതി അളവിൽ 15.76 ശതമാനത്തിന്റെയും ഡോളർ മൂല്യത്തിൽ 21.67 ശതമാനത്തിന്റെയും കുറവാണ് ഈ വിഭാഗം 20-21 ൽ രേഖപ്പെടുത്തിയത്.

സുറിമി ഫിഷ് പേസ്റ്റ്, സുറിമി അനലോഗ് എന്നിവയുട കയറ്റുമതിയിൽ നേരിയ വർധന രേഖപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതി അളവിൽ 0.12 ശതമാനവും രൂപമൂല്യത്തിൽ 0.26 ശതമാനവും വളർച്ച രേഖപ്പെടുത്തിയപ്പോൾ ഡോളർ മൂല്യം 5.02 ശതമാനം കുറഞ്ഞു.

ശീതീകരിച്ച കണവ, കടൽനാക്ക് എന്നിവയുടെ കയറ്റുമതി യഥാക്രമം 30.19 ശതമാനം, 16.38 ശതമാനം എന്നിങ്ങനെയാണ് കുറഞ്ഞത്. എന്നാൽ ഉണക്കമത്സ്യത്തിന്റെ കയറ്റുമതി അളവിൽ 1.47 ശതമാനവും രൂപ മൂല്യത്തിൽ 17 ശതമാനവും വർധന രേഖപ്പെടുത്തിയിട്ടുണ്ട്.

ശീതീകരിച്ചതും ജീവനുള്ളതുമായ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ വൻ ഇടിവ് രേഖപ്പെടുത്തി. വിമാനമാർഗമുള്ള ചരക്ക് നീക്കം കൊവിഡ് പ്രതിസന്ധിയെത്തുടർന്ന തടസ്സപ്പെട്ടതാണ് ഇതിനു കാരണം. ശീതീകരിച്ച മത്സ്യത്തിന്റെ അളവിൽ 16.89 ശതമാനവും ജീവനുള്ള ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ 39.91 ശതമാനത്തിന്റെയും ഇടിവ് രേഖപ്പെടുത്തി.

സമുദ്രത്തിൽ നിന്നുള്ള മത്സ്യത്തിന്റെ വിഹിതം അളവിൽ 2019-20 ലെ 56.03 ശതമാനത്തിൽ നിന്നും 53.55 ശതമാനമായി കുറഞ്ഞു. ഡോളർ വരുമാനത്തിൽ ഇത് 36 .42 ശതമാനത്തിൽ നിന്നും 32.01 ശതമാനമായി. അലങ്കാര മത്സ്യം, തിലാപിയ എന്നിവയുടെ കയറ്റുമതി അളവ് യഥാക്രമം 55.83 ശതമാനത്തിൽ നിന്നും 66.55 ശതമാനമായി വർധിച്ചു. ഇതിലെ ഡോളർ മൂല്യത്തിലും യഥാക്രമം 38.07 ശതമാനവും 14.63 ശതമാനവും വർധന രേഖപ്പെടുത്തി. ചൂര മത്സ്യത്തിന്റെ കയറ്റുമതി അളവിൽ 14.6 ശതമാനം വർധന രേഖപ്പെടുത്തിയെങ്കിലും ഡോളർ വരുമാനത്തിൽ 7.39 ശതമാനം കുറവാണുണ്ടായത്. ഞണ്ടിന്റെയും ശുദ്ധജല ചെമ്മീനിന്റെയും കയറ്റുമതിയുടെ അളവിലും മൂല്യത്തിലും കുറവുണ്ടായി.

ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നം ഏറ്റവുമധികം ഇറക്കുമതി ചെയ്യുന്ന രാജ്യമായി അമേരിക്ക തുടരുകയാണ്. ആകെ ഡോളർ വരുമാനത്തിന്റെ 41.15 ശതമാനവും അമേരിക്കയിലേക്ക് കയറ്റി അയച്ച 2,91,948 ടൺ സമുദ്രോത്പന്നങ്ങളിൽ നിന്നാണ്. രൂപ മൂല്യത്തിൽ 0.48 ശതമാനത്തിന്റെ വർധന ഉണ്ടായെങ്കിലും കയറ്റുമതി അളവിൽ 4.34 ശതമാനത്തിന്റെയും ഡോളർ വരുമാനത്തിൽ 4.35 ശതമാനത്തിന്റെയും കുറവ് രേഖപ്പെടുത്തി. ശീതീകരിച്ച ചെമ്മീനാണ് കയറ്റുമതിയിൽ മുന്നിട്ടു നിൽക്കുന്നത്. ഇതിൽ തന്നെ വനാമി ചെമ്മീനാണ് അധികവും. 6.75 ശതമാനത്തിന്റെ വർധന അമേരിക്കയിലേക്കുള്ള വനാമി ചെമ്മീനിന്റെ കയറ്റുമതിയിൽ ഉണ്ടായിരിക്കുന്നു. എന്നാൽ കാരച്ചെമ്മീനിന്റെ കയറ്റുമതി അളവിൽ 70.96 ശതമാനത്തിന്റെയും ഡോളർ വരുമാനത്തിൽ 65.24 ശതമാനത്തിന്റെയും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്ന ഇറക്കുമതിയിൽ രണ്ടാം സ്ഥാനം ചൈനയ്ക്കാണ്. 2,18,343 ടൺ സമുദ്രോത്പന്നമാണ് ചൈന ഇറക്കുമതി ചെയ്തത്. 939.17 മില്യൺ ഡോളർ മൂല്യം വരുന്നതാണിത്. ആകെ ഡോളർ വരുമാനത്തിന്റെ 15.77 ശതമാനവും കയറ്റുമതി അളവിന്റെ 19 ശതമാനവും ചൈനയിൽ നിന്നാണ്. കയറ്റുമതി അളവിലും ഡോളർ മൂല്യത്തിലും യഥാക്രമം 33.73 ശതമാനവും 31.68 ശതമാനവും കുറവ് രേഖപ്പെടുത്തി. ശീതീകരിച്ച ചെമ്മീനാണ് ചൈനയിലേക്ക് ഏറ്റവുമധികം കയറ്റുമതി ചെയ്തത്. ചൈനയിലേക്കുള്ള ആകെ കയറ്റുമതി അളവിന്റെ 46.64 ശതമാനവും ഡോളർ മൂല്യത്തിന്റെ 61.87 ശതമാനവും വരുമിത്.

ആകെ ഡോളർ വരുമാനത്തിന്റെ 13.80 ശതമാനവും കയറ്റുമതി ചെയ്തത് യൂറോപ്യൻ യൂണിയനിലേക്കാണ്. ഇന്ത്യയിൽ നിന്നും സമുദ്രോത്പന്നം ഇറക്കുമതി ചെയ്യുന്നതിൽ മൂന്നാം

സ്ഥാനമാണ് യൂറോപ്യൻ യൂണിയനുള്ളത്. ശീതീകരിച്ച ചെമ്മീനാണ് ഇവിടേക്കുള്ള പ്രധാന ഉത്പന്നം. പക്ഷെ പോയ വർഷം ശീതീകരിച്ച ചെമ്മീനിന്റെ കയറ്റുമതി അളവിൽ 5.27 ശതമാനവും ഡോളർ മൂല്യത്തിൽ 6.48 ശതമാനവും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ദക്ഷിണ പൂർവേഷ്യയിലേക്ക് ആകെ ഡോളർ മൂല്യത്തിന്റെ 11.17 ശതമാനമാണ് കയറ്റുമതി ചെയ്തത്. കയറ്റുമതി അളവിൽ 2.56 ശതമാനവും ഡോളർ വരുമാനത്തിൽ 5.73 ശതമാനവും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ജപ്പാനിലേക്കുള്ള കയറ്റുമതി ഡോളർ വരുമാനം കണക്കിലെടുത്താൽ 6.92 ശതമാനമാണ്. ഇവിടേക്കുള്ള കയറ്റുമതി അളവിൽ 10.52 ശതമാനത്തിന്റെ വർധനയുണ്ടായിട്ടുണ്ടെങ്കിലും ഡോളർ മൂല്യത്തിൽ 2.42 ശതമാനത്തിന്റെ കുറവുണ്ടായി.

ആകെ കയറ്റുമതി ഡോളർ വരുമാനത്തിന്റെ 4.22 ശതമാനം ഗൾഫ് മേഖലയിൽ നിന്നാണ്. ഇത് 2019-20 ലേതുമായി തട്ടിച്ചു നോക്കുമ്പോൾ കയറ്റുമതി അളവിൽ 15.30 ശതമാനത്തിന്റെയും ഡോളർ വരുമാനത്തിൽ 15.51 ശതമാനത്തിന്റെയും കുറവാണ് രേഖപ്പെടുത്തിയത്. ആകെ ഡോളർ വരുമാനത്തിന്റെ 72.23 ശതമാനവും ശീതീകരിച്ച ചെമ്മീനിൽ നിന്നാണ്.

കൊവിഡിനു പുറമെ മറ്റ് പല ഘടകങ്ങളും 2020-21 ൽ കയറ്റുമതി കുറയുന്നതിന കാരണമായെന്ന് ശ്രീ കെ എസ് ശ്രീനിവാസ് ചൂണ്ടിക്കാട്ടി. മത്സ്യബന്ധന ദിവസങ്ങൾ നഷ്ടപ്പെട്ടതിനാൽ സമുദ്രോത്പന്നങ്ങൾ കരയിലെത്തുന്നതിന കുറവുണ്ടായി. വിപണിയിലെ അനിശ്ചിതത്വവും, ചരക്ക് നീക്കത്തിലുണ്ടായ വേഗതക്കുറവും വിനയായി. മത്സ്യബന്ധനത്തിനും മൂല്യവർധനത്തിനും തൊഴിലാളികൾ ലഭ്യമല്ലാതിരുന്നത്, തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കെട്ടിക്കിടന്നത്, വിമാന ചരക്ക് കൂലി വർധന, നിയന്ത്രിതമായ വിമാന ലഭ്യത തുടങ്ങിയ ഘടകങ്ങൾ മൊത്തമായുള്ള കയറ്റുമതിയെയും വിശിഷ്യാ ശീതീകരിച്ച, ജീവനുള്ള ഉത്പന്നങ്ങളുടെ കയറ്റുമതിയെയും ബാധിച്ചെന്ന് അദ്ദേഹം പറഞ്ഞു.

വിദേശ വിപണിയിലെ അവസ്ഥ മറ്റൊരു തിരിച്ചടിയായി. ചൈനയിൽ കണ്ടെയ്നറുകൾ ലഭിക്കാത്ത അവസ്ഥ, കൂടിയ ചരക്ക് കൂലി, കൊവിഡ് പശ്ചാത്തലത്തിൽ വന്ന അധിക പരിശോധനകൾ എന്നിവ തിരിച്ചടിയായി. കണ്ടെയ്നറുകൾ ലഭ്യമല്ലാത്തതിനാൽ അമേരിക്കയിലേക്കുള്ള ഓർഡറുകൾ സമയത്ത് എത്തിക്കാൻ സാധിച്ചില്ല. ഹോട്ടൽ, റസ്റ്റൊറന്റ്, കഫെ എന്നിവ തുറക്കാത്തത് വലിയ പ്രതിസന്ധി സൃഷ്ടിച്ചു. ജപ്പാൻ, യൂറോപ്യൻ യൂണിയൻ, എന്നിവടങ്ങളിൽ ചില്ലറ വിൽപന കേന്ദ്രങ്ങൾ, റസ്റ്റോറന്റുകൾ, സൂപ്പർ മാർക്കറ്റുകൾ, ഹോട്ടലുകൾ തുടങ്ങിയ മേഖലകളിൽ കൊവിഡ് നിയന്ത്രണങ്ങൾ വന്നതും പ്രതികൂലമായി ബാധിച്ചു.